REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 17-11-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **സൗദി അറേബ്യയിൽ ഉംറ തീർഥാടകർ സഞ്ചരിച്ച ബസ് ഡീസൽ ടാങ്കറുമായി കൂട്ടിയിടിച്ച് തീപിടിച്ച് 40 ഇന്ത്യക്കാർ മരിച്ചു.**
- **രാജ്യത്ത് പൊതുമേഖലാ എണ്ണക്കമ്പനികൾ അടുത്ത വർഷം 2.2 ദശലക്ഷം ടൺ പാചകവാതകം ഇറക്കുമതി ചെയ്യുമെന്ന് കേന്ദ്രമന്ത്രി ഹർദ്ദീപ് സിംഗ് പുരി.**
- **സ്വർണ്ണക്കവർച്ച കേസുകളിൽ പരിശോധന ഇന്ന്.**
- **ശബരിമലയിൽ ദർശന പുണ്യം തേടി പതിനായിരങ്ങൾ സന്നിധാനത്ത്.**
- **സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം നിർത്തിവെക്കണമെന്നാവശ്യപ്പെട്ട് മുസ്ലീം ലീഗ് സുപ്രീം കോടതിയെ സമീപിച്ചു.**

## വാർത്തകൾ വിശദമായി

സൗദി അറേബ്യയിൽ ഉംറ തീർഥാടകർ സഞ്ചരിച്ച ബസ് ഡീസൽ ടാങ്കറുമായി കൂട്ടിയിടിച്ച് തീപിടിച്ച് 40 ഓളം ഇന്ത്യക്കാർ മരിച്ചു. ഇന്ത്യൻ സമയം പുലർച്ചെ മുഫ്രിഹത്ത് എന്ന സ്ഥലത്താണ് അപകടമുണ്ടായത്. ഉംറ കർമ്മങ്ങൾ പൂർത്തിയാക്കി മക്കയിൽ നിന്ന് മദീനയിലേക്ക് മടങ്ങുകയായിരുന്നു തീർഥാടകർ. മരിച്ചവരിൽ ഭൂരിഭാഗവും തെലങ്കാന ഹൈദരാബാദ് സ്വദേശികളാണ്. ഇവരിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്നു.

അപകടത്തിൽ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ ദുഃഖം അറിയിച്ചു. റിയാദിലെ ഇന്ത്യൻ എംബസിയും ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റും

അപകടത്തിൽ പരിക്കേറ്റവർക്കും മരിച്ചവരുടെ കുടുംബങ്ങൾക്കും പൂർണ്ണ പിന്തുണ നൽകുന്നുണ്ടെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിലൂടെ അറിയിച്ചു. വിവരങ്ങൾ പങ്കുവെക്കുന്നതിന് ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് ഹെൽപ്പ് ലൈൻ നമ്പറുകൾ സജ്ജമാക്കി. 800 244 0003 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാം. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും തുറന്നിട്ടുണ്ടെന്ന് കോൺസുലേറ്റ് അറിയിച്ചു.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ ഇന്ന് മോസ്കോയിൽ റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി സഹകരണവും വരാനിരിക്കുന്ന രാഷ്ട്രീയ ഇടപെടലുകളും ഇരു നേതാക്കളും വിശദമായി വിലയിരുത്തും.

കൂടിക്കാഴ്ചയിൽ പ്രധാനപ്പെട്ട ഉഭയകക്ഷി വിഷയങ്ങളും അന്താരാഷ്ട്ര വിഷയങ്ങളും മന്ത്രിമാർ ചർച്ച ചെയ്യുമെന്ന് റഷ്യൻ വിദേശകാര്യ മന്ത്രാലയം സാമൂഹ്യ മാധ്യമത്തിലൂടെ അറിയിച്ചിരുന്നു.

ഇന്നും നാളെയുമായി ചേരുന്ന ഷാങ്ഹായ് സഹകരണ സംഘടന കൗൺസിൽ യോഗത്തിൽ പങ്കെടുക്കാനാണ് ഡോ.ജയശങ്കർ ഔദ്യോഗിക പ്രതിനിധി സംഘത്തോടൊപ്പം മോസ്കോയിൽ എത്തുന്നത്.

✪✪✪

ഹരിയാനയിലെ ഫരീദാബാദിൽ നോർത്തേൺ സോണൽ കൗൺസിലിന്റെ യോഗം ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. കേന്ദ്ര-സംസ്ഥാന ഭരണ പ്രദേശങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

രാജ്യത്ത് പൊതുമേഖലാ എണ്ണക്കമ്പനികൾ അടുത്ത വർഷം 2.2 ദശലക്ഷം ടൺ പാചകവാതകം US ൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിന് കരാർ ഒപ്പിട്ടതായി കേന്ദ്രമന്ത്രി ഹർദ്ദീപ് സിംഗ് പുരി അറിയിച്ചു. ലോകത്തിലെ ഏറ്റവും വലുതും, വേഗത്തിൽ വളരുന്നതുമായ LPG വിപണികളിലൊന്നാണ് അമേരിക്കയിലേക്ക് തുറക്കുന്നതെന്ന് കേന്ദ്രമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

രാജ്യത്തിന്റെ സുസ്ഥിരതാ ലക്ഷ്യങ്ങൾക്കും പുനരുപയോഗ- പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾക്കും ആഗോള ആവശ്യത്തിനനുസൃതമായി,

പ്ലാസ്റ്റിക്കിന്റെ 100 ശതമാനം പുനരുപയോഗവും, റീസൈക്ലിംഗും ഉറപ്പാക്കണമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. മുംബൈയിൽ എക്സ്പോർട്ട് എക്സലൻസ് അവാർഡ് വിതരണ ചടങ്ങിലും, പ്ലെക്സ്കോൺസിലിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലും സംസാരിക്കുകയായിരുന്നു അദ്ദേഹം.

സുസ്ഥിര പ്ലാസ്റ്റിക് നിർമാണത്തിൽ ലോകനേതാവായി ഉയർന്നുവരാൻ ശേഷിയും കഴിവും ഇന്ത്യയ്ക്കുണ്ടെന്ന് പിയൂഷ് ഗോയൽ അറിയിച്ചു. നൂതന സാങ്കേതികവിദ്യകളിലും, വസ്തുക്കളിലും, ഉത്തരവാദിത്ത ഉത്പാദന രീതികളിലും നിക്ഷേപം നടത്താൻ കേന്ദ്ര മന്ത്രി ആഹ്വാനം ചെയ്തു.

✪✪✪

രാജ്യത്തിന്റെ സുസ്ഥിരതാ ലക്ഷ്യങ്ങൾക്കും പുനരുപയോഗ- പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾക്കും ആഗോള ആവശ്യത്തിനനുസൃതമായി, പ്ലാസ്റ്റിക്കിന്റെ 100 ശതമാനം പുനരുപയോഗവും, റീസൈക്ലിംഗും ഉറപ്പാക്കണമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. മുംബൈയിൽ എക്സ്പോർട്ട് എക്സലൻസ് അവാർഡ് വിതരണ ചടങ്ങിലും, പ്ലെക്സ്കോൺസിലിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലും സംസാരിക്കുകയായിരുന്നു അദ്ദേഹം.

സുസ്ഥിര പ്ലാസ്റ്റിക് നിർമാണത്തിൽ ലോകനേതാവായി ഉയർന്നുവരാൻ ശേഷിയും കഴിവും ഇന്ത്യയ്ക്കുണ്ടെന്ന് പിയൂഷ് ഗോയൽ അറിയിച്ചു. നൂതന സാങ്കേതികവിദ്യകളിലും, വസ്തുക്കളിലും, ഉത്തരവാദിത്ത ഉത്പാദന രീതികളിലും നിക്ഷേപം നടത്താൻ കേന്ദ്ര മന്ത്രി ആഹ്വാനം ചെയ്തു.

✪✪✪

രണ്ട് ദിവസത്തെ ദുബായ് എയർ ഷോ 2025 ഇന്ന് UAE യിൽ തുടങ്ങും. എയർഷോയിൽ  ഇന്ത്യയുടെ പ്രതിരോധ, ബഹിരാകാശ ശേഷി പ്രദർശിപ്പിക്കും. ഷോയിൽ പങ്കെടുക്കാൻ ഇന്ത്യൻ വ്യോമസേനയുടെ സൂര്യകിരൺ എയറോബാറ്റിക് ടീം, തേജസ് യുദ്ധവിമാനങ്ങൾ എന്നിവ അടങ്ങുന്ന സംഘം ദുബായിലെ അൽ മക്തൂം എയർബേസിൽ എത്തിയിട്ടുണ്ട്.

രാജ്യരക്ഷാ സഹമന്ത്രി സഞ്ജയ് സേഠ് ആണ് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിക്കുന്നത്. UAE പ്രതിരോധ സഹമന്ത്രിയുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും. ഇന്ത്യ, UAE, ഓസ്ട്രേലിയ, USA, ബ്രസീൽ, UK, ഇറ്റലി എന്നിവിടങ്ങളിലെ 50-ഓളം കമ്പനികൾ പങ്കെടുക്കുന്ന റൗണ്ട് ടേബിൾ ടോക്കിലും അദ്ദേഹം അധ്യക്ഷത വഹിക്കും.

രാജത്തിന്റെ പ്രതിരോധ ഉത്പാദന ശേഷി പ്രദർശിപ്പിക്കുന്ന ഇന്ത്യ പവലിയനും ചടങ്ങിൽ സഞ്ജയ് സേഠ് ഉദ്ഘാടനം ചെയ്യും.

✪✪✪

ശബരിമലയിലെ സ്വർണ്ണക്കവർച്ച കേസുകളിൽ SP ശശിധരന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം സന്നിധാനത്ത് എത്തി. ഉച്ചപൂജയ്ക്ക് തന്ത്രി കണ്ഠരര് മഹേഷ് മോഹനരരുടെ കാർമികത്വത്തിൽ ദേവന്റെ അനുജ്ഞ വാങ്ങിയശേഷം കട്ടിളപ്പാളികൾ, ദ്വാരപാലക ശിൽപങ്ങൾ, വാതിൽപ്പാളികൾ തുടങ്ങിയവയിൽ പൊതിഞ്ഞ സ്വർണത്തിന്റെ അളവ് കണ്ടെത്താനാണ് ശാസ്ത്രീയ പരിശോധന.

✪✪✪

ശബരിമലയിൽ വൃശ്ചികം ഒന്നായ ഇന്ന് സന്നിധിയിൽ പതിനായിരങ്ങളാണ് ദർശന പുണ്യം തേടിയെത്തിയത്. ഇന്ന് 70,000 പേരാണ് ഓൺലൈൻ വഴി ദർശനത്തിന് ബുക്ക് ചെയ്തിരിക്കുന്നത്. ഡിസംബർ മൂന്നു വരെ വെർച്വൽ ക്യൂ ബുക്കിംഗ് പൂർത്തിയായിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് തയ്യാറാക്കിയ അടുത്ത വർഷത്തെ ഡയറി സന്നിധാനത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് K. ജയകുമാർ പുറത്തിറക്കി.

✪✪✪

പയ്യന്നൂർ നിയമസഭാമണ്ഡലത്തിലെ ബൂത്ത് ലെവൽ ഓഫീസർ അനീഷ് ജോർജിന്റെ അകാലനിര്യാണത്തിൽ മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ Dr.രത്തൻ U കേൽക്കർ ദുഖം അറിയിച്ചു. തികഞ്ഞ ആത്മാർത്ഥതയോടെ എക്കാലത്തും കർമ്മമേഖലയിൽ പ്രവർത്തിച്ച അനീഷ് ജോർജ്, വോട്ടർപ്പട്ടികയുടെ തീവ്ര പരിഷ്കരണകാലത്തും തികഞ്ഞ സമർപ്പണമനോഭാവത്തോടെ പ്രവർത്തിച്ച ഉദ്യോഗസ്ഥനാണെന്നും അദ്ദേഹം പറഞ്ഞു.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം തികഞ്ഞ ഏകീകരണത്തോടെ പ്രവർത്തിക്കുന്ന ഈ ഘട്ടത്തിൽ ഉദ്യോഗസ്ഥർക്ക് പ്രയാസം നേരിടരുതെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്ന് രത്തൻ U കേൽക്കർ പറഞ്ഞു.

✪✪✪

കണ്ണൂരിൽ BLO മരിച്ച സംഭവത്തിൽ BLO മാർ പണി മുടക്കി പ്രതിഷേധിച്ചു. ചീഫ് ഇലക്ട്രൽ ഓഫീസിലേക്കും കലക്ട്രേറ്റുകളിലേക്കും BLO മാർ പ്രതിഷേധ മാർച്ച് നടത്തി.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന് നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. ഈ മാസം 21 വരെയാണ് പത്രികാ നൽകാനാവുക.

1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്ക് അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 നാണ്.

✪✪✪

തമിഴ് ഭൂരിപക്ഷ മേഖലയായ മൂന്നാറിലെ തോട്ടം മേഖലകളിൽ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് അപേക്ഷാ ഫോമുകൾ തമിഴ്ഭാഷയിലും വേണമെന്ന ആവശ്യം ശക്തമായി. ഓരോ സംസ്ഥാനത്തും അതാത് പ്രാദേശിക ഭാഷകളിലായിരിക്കണം സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് അപേക്ഷാ ഫോമുകൾ തയ്യാറാക്കേണ്ടത് എന്ന നിർദ്ദേശമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയതെന്ന് ദേവികുളം സബ് കളക്ടർ പറഞ്ഞു.

ദേവികുളം നിയോജക മണ്ഡലത്തിലെ 195 ബൂത്തുകളിൽ 110 എണ്ണത്തിലും കൂടുതൽ വോട്ടർമാരും തമിഴ് വംശജരാണ്.

✪✪✪

CTCRI അന്തർദേശീയ കിഴങ്ങുവിള സിംപോസിയത്തിന് തിരുവനന്തപുരത്ത് തുടക്കമായി. ഇന്റർനാഷണൽ സൊസൈറ്റി ഫോർ ട്രോപ്പിക്കൽ റൂട്ട് ക്രോപ്പ് വിവിധ രാജ്യങ്ങളിൽ വച്ച് മൂന്നുവർഷത്തിലൊരിക്കൽ നടത്തുന്ന സിംപോസിയത്തിന്റെ 20-ാം പതിപ്പാണിത്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോക്ടർ സഞ്ജയ് കുമാർ സിംഗ് സിമ്പോസിയം ഉദ്ഘാടനം ചെയ്തു. കിഴങ്ങു വിളകൾ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണെന്ന് സഞ്ജയ് കുമാർ സിംഗ് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പ് സാഹചര്യത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം നിർത്തിവെക്കണമെന്നാവശ്യപ്പെട്ട് മുസ്ലീം ലീഗ് സുപ്രീം കോടതിയെ സമീപിച്ചു. തദ്ദേശ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾക്കിടയിൽ വോട്ടർപട്ടിക പുതുക്കുന്നത് ഭരണ പ്രതിസന്ധിക്കും, വോട്ടർമാർക്കിടയിൽ ആശയക്കുഴപ്പത്തിനും ഇടയാക്കുമെന്നാണ് ഹർജിയിൽ പറയുന്നത്.

തദ്ദേശ തിരഞ്ഞെടുപ്പ് കഴിയും വരെ SIR നടപടികൾ നിർത്തിവെക്കാൻ ആവശ്യപ്പെട്ട് സംസ്ഥാന ഗവൺമെന്റ് നേരത്തെ ഹൈക്കോടതിയെ

സമീപിച്ചിരുന്നു. എന്നാൽ ഹർജിയിൽ ഇടപെടാൻ വിസമ്മതിച്ച ഹൈക്കോടതി, വിഷയം സുപ്രീംകോടതിയിൽ ഉന്നയിക്കാൻ നിർദ്ദേശം നൽകുകയായിരുന്നു.

✪✪✪

രാജ്കോട്ടിൽ പുരുഷന്മാരുടെ ഏകദിന അന്താരാഷ്ട്ര ക്രിക്കറ്റിൽ ഇന്ത്യ A ടീം, ദക്ഷിണാഫ്രിക്കൻ A ടീമിനെ ഒൻപത് വിക്കറ്റിന് തോൽപ്പിച്ചു. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക 20 ഓവറിൽ 132 റൺസെടുത്തു. ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ 135 റൺസെടുത്ത് ലക്ഷ്യം മറികടന്നു.

✪✪✪

ഗ്രേറ്റർ നോയിഡയിൽ ലോക ബോക്സിംഗ് കപ്പ് ഫൈനലിന്റെ ആദ്യ ദിനത്തിൽ ഇന്ത്യയ്ക്ക് ജയത്തോടെ തുടക്കം. ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ നാല് ബോക്സർമാരും സെമിയിലേക്ക് മുന്നേറി. 48 കിലോ വനിതാ വിഭാഗത്തിൽ മിനാക്ഷി, 58 കിലോയിൽ പ്രീതി, പുരുഷന്മാരുടെ 80 കിലോയിൽ അങ്കുഷ്, 90+ വിഭാഗത്തിൽ നരേന്ദറുമാണ് സെമിയിലെത്തിയത്.

✪✪✪

ഗോവയിലെ പനാജിയിൽ ഫിഡെ ചെസ് ലോകകപ്പിൽ ഇന്ത്യയുടെ ഗ്രാൻഡ് മാസ്റ്റർ അർജുൻ എറിഗൈസി ക്വാർട്ടർ ഫൈനലിലെത്തി. 16-ാം റൗണ്ടിലെ രണ്ടാം ഗെയിമിൽ അമേരിക്കയുടെ ലെവോൺ ആരോണിയനെയാണ് താരം തോൽപ്പിച്ചത്.

അഞ്ചാം റൗണ്ട് ടൈ-ബ്രേക്ക് ഗെയിമുകളിൽ P.ഹരികൃഷ്ണ പരാജയപ്പെട്ട് ടൂർണമെന്റിൽ നിന്ന് പുറത്തായി.

ഇന്ന് ക്വാർട്ടർ ഫൈനലിൽ അർജുൻ എറിഗൈസി ചൈനീസ് ഗ്രാൻഡ്മാസ്റ്റർ വെയ് - യി-യെ നേരിടും.

✪✪✪

ലക്സംബർഗിലെ സ്ട്രാസെനിൽ GT ഓപ്പൺ ഇൻഡോർ ലോക സീരീസ് പുരുഷ കോമ്പൗണ്ട് വിഭാഗത്തിൽ ഇന്ത്യൻ അമ്പെയ്ത്ത് താരം കുശാൽ ദലാൽ കിരീടം നേടി. ഡബിൾ ഷൂട്ട് ഓഫിൽ USനെയാണ് താരം പരാജയപ്പെടുത്തിയത്.

അണ്ടർ -21 പുരുഷ കോമ്പൗണ്ട് വിഭാഗത്തിൽ ഇന്ത്യയുടെ ഗണേഷ് മണിരത്നം തിരുമുരു വെങ്കലം നേടി.

✪✪✪

സ്വർണ്ണ വില പവന് 80 രൂപ കുറഞ്ഞു. 91,640 രൂപയാണ് പവന് ഗ്രാമിന് 11,455 രൂപയും.

✪✪✪

മുംബൈ ഓഹരി വിപണി സെൻസെക്സ് 196 പോയിന്റ് ഉയർന്ന് 84,759 ൽ വ്യാപാരം ആരംഭിച്ചു. നിഫ്റ്റി 53 പോയിന്റ് ഉയർന്ന് 25,963ലാണ് വ്യാപാരം.

✪✪✪

സംസ്ഥാനത്ത് അടുത്ത നാല് ദിവസം മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത നല്കി.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്ന് മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഛത്തീസ്ഗഡ്, മധ്യ മഹാരാഷ്ട്ര, മധ്യപ്രദേശ്, രാജസ്ഥാൻ, വിദർഭ എന്നിവിടങ്ങളിൽ അതിശക്ത തണുപ്പ് അനുഭവപ്പെടുമെന്നും മുന്നറിയിപ്പ്.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണങ്ങളുടെ ഭാഗമായി പൊതുജനങ്ങളെ സഹായിക്കാൻ എല്ലാ ബൂത്ത് പരിസരങ്ങളിലും ഇന്ന് മുതൽ വോട്ടർ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരി അറിയിച്ചു. എന്യൂമറേഷൻ ഫോം പൂരിപ്പിക്കുന്നതിൽ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന എല്ലാ സംശയങ്ങളും ദൂരീകരിക്കുകയാണ് വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകളുടെ ലക്ഷ്യം. സെന്ററുകളിൽ BLO മാരുടെ മേൽനോട്ടത്തിൽ വോളണ്ടിയർമാരെയും നിയമിക്കുമെന്ന് കളക്ടർ പറഞ്ഞു.

✪✪✪

---

.

*News Editor: വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRT: സയ്യിദ് അലി ശിഹാബ് തങ്ങൾ*
*DEO: ഷീബ*